LIBRARY ARCHIVES Kerala Legislative Assembly

അട്ടപ്പാടിയിൽ വനം വകുപ്പ് അനുവദിച്ച തുക

235 (1940) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിൽ മാത്രം ആദിവാസികൾക്കായി എത്ര രൂപ വനം വകുപ്പ് അനുവദിച്ചുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം പദ്ധതികൾക്കായി എത്ര രൂപ വീതമാണ് അനുവദിച്ചതെന്നും ഓരോ പദ്ധതികൾക്കായി എത്ര ചെലവാക്കിയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) സൈലന്റ് വാലി ഡിവിഷനിലെ അട്ടപ്പാടി ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് വിവിധ വികസന പ്രവർത്തനങ്ങൾക്കായി 37.90 ലക്ഷം രൂപ അനുവദിച്ചതിൽ 32.56 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ അട്ടപ്പാടി വനമേഖലയിൽ സ്ഥിതി ചെയ്യുന്ന മണ്ണാർക്കാട് വനം ഡിവിഷനിലെ വിവിധ ആദിവാസി ഊരുകളിൽ വിവിധ പദ്ധതികൾക്കായി 23.50 ലക്ഷം രൂപ അനുവദിക്കുകയും 25.26 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തികൾക്കായി അനുവദിച്ച തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

അട്ടത്തോട്ടിൽ ആദിവാസി കുട്ടികൾക്ക് സ്കൂളിനായി സ്ഥലം

236 (1941) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടത്തോട്ടിൽ ആദിവാസി കുട്ടികൾക്കായി ആരംഭിച്ച പുതിയ സ്കൂളിനായി ഒരു ഹെക്ടർ സ്ഥലം വനാവകാശ നിയമപ്രകാരം വിട്ടുനൽകണമെന്നാവശ്യപ്പെട്ട് പെരുനാട് പഞ്ചായത്ത് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്കൂളിനായി സ്ഥലം വിട്ടുനൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.